# എങ്ങനെയാണ് Meta-യിൽ നിന്നുള്ള സേവനങ്ങളും ടൂളുകളും പ്രായത്തിന് അനുയോജ്യമായ അനുഭവങ്ങളെ പിന്തുണയ്ക്കുന്നത്

Meta-യിൽ, ഞങ്ങളുടെ സാങ്കേതികവിദ്യകളിലേക്ക് സ്വകാര്യതയും സുരക്ഷയും നേരിട്ട് ഉൾപ്പെടുത്തുന്നു. രക്ഷകർത്താക്കൾ, കൗമാരക്കാർ, വിദഗ്ദ്ധർ എന്നിവരിൽ നിന്നുള്ള നേരിട്ടുള്ള ഫീഡ്ബാക്ക്, കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച UN തത്വങ്ങൾ, ആഗോള നിയമങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഗവേഷണത്തിലെ ഞങ്ങളുടെ സമീപനം സ്വീകരിക്കുന്നത്.

തങ്ങളുടെ കൗമാരക്കാരുടെ ഓൺലൈനിലെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നത് രക്ഷകർത്താക്കൾക്കും രക്ഷിതാക്കൾക്കും എളുപ്പമാക്കുന്നതിനായി, നിയമ നിർമ്മാണം നടത്തുന്നവരുമായും ഈ രംഗത്തെ വിദഗ്ദ്ധരുമായും ഞങ്ങൾ സജീവമായി യോജിച്ച് പ്രവർത്തിക്കുന്നു. രക്ഷാകർതൃ അനുമതി, രക്ഷാകർതൃ നിയന്ത്രണങ്ങൾ, പ്രായം പരിശോധിച്ചുറപ്പിക്കൽ, പ്രായത്തിന് അനുയോജ്യമായ ഉള്ളടക്കം തുടങ്ങിയ മേഖലകളിൽ പാലിക്കേണ്ടതായ എല്ലാ ആപ്പുകൾക്കുമുള്ള മാനദണ്ഡങ്ങൾ സൃഷ്ടിക്കുന്ന ഫെഡറൽ നിയമനിർമ്മാണത്തെ ഞങ്ങൾ പിന്തുണയ്ക്കുന്നു, ഇത് ഉപയോക്തൃ സ്വകാര്യത പരിരക്ഷിക്കുന്നതിന് രക്ഷകർത്താക്കളെ പര്യാപ്തമാക്കും. ഞങ്ങളുടെ യുവജന നയ തത്വങ്ങൾ സംബന്ധിച്ച് കൂടുതൽ വായിക്കുക.

തങ്ങൾ പ്രാധാന്യം നൽകുന്ന ആളുകൾക്കൊപ്പം സമയം ചെലവഴിക്കുമ്പോഴും താൽപ്പര്യങ്ങളും അവർ ആരാണെന്നതും അടുത്തറിയുമ്പോഴും കൗമാരക്കാർക്കും ചെറുപ്പക്കാർക്കും സുരക്ഷിതവും പ്രായത്തിന് അനുയോജ്യവുമായ അനുഭവം ഉറപ്പാക്കാൻ സഹായിക്കുന്നതിന് ഞങ്ങൾ വികസിപ്പിച്ച റിസോഴ്സുകളും ടൂളുകളും ഇവയാണ്.

## രക്ഷാകർതൃ മേൽനോട്ടം

### ഫാമിലി സെന്റർ

Meta സാങ്കേതികവിദ്യകളിലുടനീളം മേൽനോട്ട ടൂളുകളും പ്രമുഖ യുവജന, സുരക്ഷാ, സ്വകാര്യതാ, ക്ഷേമ വിദഗ്ദ്ധരിൽ നിന്ന് രക്ഷകർത്താക്കൾക്കും രക്ഷിതാക്കൾക്കുമുള്ള വിദ്യാഭ്യാസ റിസോഴ്സുകളും ആക്സസ് ചെയ്യാനാകുന്ന ഒരു കേന്ദ്രീകൃത സ്ഥലം ഞങ്ങൾ ലോഞ്ച് ചെയ്തിരിക്കുന്നു. മേൽനോട്ടം സജ്ജീകരിക്കുന്നതിനായി ഒരു രക്ഷകർത്താവും കൗമാരപ്രായത്തിലുള്ള കുട്ടിയും തമ്മിൽ പരസ്പരം അംഗീകരിച്ച് കഴിഞ്ഞാൽ, രക്ഷകർത്താക്കൾക്ക് Facebook, Messenger, Instagram, VR എന്നിവയിൽ അവരുടെ കൗമാരപ്രായത്തിലുള്ള കുട്ടിയുടെ അനുഭവത്തിന് മേൽനോട്ടം നിർവഹിക്കാൻ സഹായിക്കാനാകും.

### മേൽനോട്ട ടൂളുകൾ

Meta സാങ്കേതികവിദ്യകളിലുടനീളമുള്ള തങ്ങളുടെ കൗമാരപ്രായത്തിലുള്ള കുട്ടിയുടെ സമയം നിരീക്ഷിക്കാനും നിയന്ത്രിക്കാനും അവരെ പിന്തുടരുന്നയാളുകളുടെയും അവർ പിന്തുടരുന്നവരുടെയും ലിസ്റ്റുകൾ കാണാനും തങ്ങളുടെ കൗമാരക്കാരുടെ സ്വതവേയുള്ള സുരക്ഷാ, സ്വകാര്യതാ ക്രമീകരണങ്ങൾ മാറ്റാനുള്ള അവരുടെ അഭ്യർത്ഥനകൾ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യാനും തങ്ങളുടെ കൗമാരക്കാർ പങ്കിടാൻ തിരഞ്ഞെടുക്കുന്ന ഫയൽ ചെയ്ത റിപ്പോർട്ടുകൾ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ നേടാനും ഈ ടൂളുകൾ രക്ഷകർത്താക്കളെയും രക്ഷിതാക്കളെയും അനുവദിക്കുന്നു. Meta Quest ഉപകരണങ്ങളിൽ, രക്ഷകർത്താക്കൾക്കും രക്ഷിതാക്കൾക്കും VR-ൽ ചെലവഴിക്കുന്ന സമയം കാണാനും വാങ്ങലുകളെയും ഡൗൺലോഡുകളെയും കുറിച്ചുള്ള അറിയിപ്പുകൾ നേടാനും ആപ്പുകളും സോഷ്യൽ ഫീച്ചറുകളും തടയാനും കഴിയുന്നതാണ്. രക്ഷകർത്താക്കൾക്ക് Meta Horizon ലോകങ്ങളിൽ രക്ഷാകർതൃ മേൽനോട്ടം സജ്ജീകരിക്കാനും (നിലവിൽ US-ലും കാനഡയിലും ലഭ്യമാണ്) മറ്റ് നിയന്ത്രണങ്ങൾക്കൊപ്പം അവരുടെ കൗമാരക്കാരുടെ വിവിധ ക്രമീകരണങ്ങൾ കാണാനും അവ ക്രമപ്പെടുത്താനും കഴിയും.

## കൗമാരക്കാർക്കുള്ള സുരക്ഷാ സംവിധാനങ്ങൾ

### സന്ദേശമയയ്ക്കലിലെ നിയന്ത്രണങ്ങൾ

കൗമാരക്കാർ പിന്തുടരുന്നില്ലാത്തതോ Facebook-ലും Instagram-ലും അവരുടെ സ്വതവേയുള്ള കോൺടാക്റ്റുകളിൽ ഇല്ലാത്തതുമായ, 19 വയസ്സിന് മുകളിലുള്ള മുതിർന്നവരിൽ നിന്നുള്ള അനാവശ്യ കോൺടാക്റ്റ് ഞങ്ങൾ നിയന്ത്രിക്കുന്നു.

### ഉള്ളടക്ക നിയന്ത്രണങ്ങളും നയങ്ങളും

ഞങ്ങളുടെ സെൻസിറ്റീവ് ഉള്ളടക്ക നിയന്ത്രണം, തിരയൽ, അടുത്തറിയൽ, ഹാഷ്ടാഗ് പേജുകൾ, റീൽസ്, ഫീഡ് ശുപാർശകൾ, നിർദ്ദേശിച്ച അക്കൗണ്ടുകൾ എന്നിവയിൽ എത്ര സെൻസിറ്റീവ് ഉള്ളടക്കമോ അക്കൗണ്ടുകളോ കാണിക്കുന്നു എന്നതിന്റെ നിയന്ത്രണം ഉപയോക്താക്കൾക്ക് നൽകുന്നു. ഇപ്പോൾ, സ്വതവേ എല്ലാ കൗമാരക്കാർക്കും പ്രായത്തിന് അനുയോജ്യമല്ലാത്ത ഉള്ളടക്കം പരിമിതപ്പെടുത്തുന്നതിനും കുറയ്ക്കുന്നതിനും ഏറ്റവുമധികം നിയന്ത്രണമുള്ള ക്രമീകരണമാണ് ലഭിക്കുന്നത്. സുഹൃത്തുക്കളോ അവർ പിന്തുടരുന്ന ആളുകളോ പങ്കിട്ടതാണെങ്കിലും Facebook-ലും Instagram-ലും ചില സെൻസിറ്റീവ് ഉള്ളടക്കങ്ങൾ ഞങ്ങൾ മറയ്ക്കും.

### ഞങ്ങളുടെ നയങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും

ഞങ്ങളുടെ കമ്മ്യൂണിറ്റി മാനദണ്ഡങ്ങളും കമ്മ്യൂണിറ്റി മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച്, ഞങ്ങളുടെ നയങ്ങൾ ലംഘിക്കുന്ന ഉള്ളടക്കം ഞങ്ങൾ നീക്കം ചെയ്യുന്നു, കൂടാതെ ഞങ്ങളുടെ ശുപാർശ ചെയ്യൽ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായ അക്കൗണ്ടുകളും ഉള്ളടക്കവും കണ്ടെത്തുന്നത് കൗമാരക്കാർക്ക് ഞങ്ങൾ ബുദ്ധിമുട്ടാക്കുകയും ചെയ്യുന്നു.

## പ്രായം പരിശോധിച്ചുറപ്പിക്കലും കണ്ടെത്തലും

### പ്രായം പരിശോധിച്ചുറപ്പിക്കൽ ടൂളുകൾ

ഫ്ലെക്സിബിളും സ്വകാര്യത സംരക്ഷിക്കുന്നതുമായ ഞങ്ങളുടെ പ്രായം പരിശോധിച്ചുറപ്പിക്കൽ ടൂളുകൾ, ആളുകൾക്ക് Instagram-ൽ പ്രായത്തിന് അനുയോജ്യമായ അനുഭവങ്ങൾ നൽകാൻ ഞങ്ങളെ സഹായിക്കുന്നു.

### ഒരു വ്യക്തി മുതിർന്നയാളാണോ കൗമാരപ്രായത്തിലുള്ള ആളാണോ എന്ന് കണ്ടെത്തുന്നതിന് AI ഉപയോഗിക്കുന്നു

ഒരു വ്യക്തിയുടെ പ്രായം നന്നായി മനസ്സിലാക്കാൻ AI സഹായിക്കുന്നു, കൂടാതെ കൗമാർക്കാർക്ക് പ്രായത്തിന് അനുയോജ്യമായ അനുഭവങ്ങൾ നൽകുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. Facebook ഡേറ്റിംഗ് ഉപയോഗിക്കുന്നതിൽ നിന്ന് അല്ലെങ്കിൽ അജ്ഞാതരായ മുതിർന്നവരുടെ സന്ദേശങ്ങൾ ലഭിക്കുന്നതിൽ നിന്ന് കൗമാരക്കാരെ നിയന്ത്രിക്കുന്നത് ഇതിൽ ഉൾപ്പെടുന്നു.

© 2024 Meta

## സ്വകാര്യത

### കൗമാരക്കാർക്കായി സ്വതവേയുള്ള സ്വകാര്യതാ ക്രമീകരണങ്ങൾ

അവർ ആദ്യമായി Facebook-ലും Instagram-ലും ചേരുമ്പോൾ, 16 വയസ്സും അതിൽ താഴെയും (അല്ലെങ്കിൽ ചില രാജ്യങ്ങളിൽ 18 വയസ്സ്) പ്രായമുള്ള കൗമാരക്കാരെ സ്വതവേ സ്വകാര്യ അക്കൗണ്ടുകളിലേക്കും കൂടുതൽ സ്വകാര്യമായ ക്രമീകരണങ്ങളിലേക്കും സജ്ജീകരിക്കുന്നു.

### കൗമാരക്കാരുടെ ഉള്ളടക്കം സ്വകാര്യമായി നിലനിർത്തൽ

അവർ ആദ്യമായി Instagram-ൽ ചേരുമ്പോൾ, ആളുകൾ തങ്ങളെ പിന്തുടരാത്ത കൗമാരക്കാരെ ടാഗ് ചെയ്യുകയോ പരാമർശിക്കുകയോ ചെയ്യുന്നതിനോ റീൽസ് റീമിക്സുകളിലോ ഗൈഡുകളിലോ അവരുടെ ഉള്ളടക്കം ഉൾപ്പെടുത്തുന്നതിനോ ഉള്ള കഴിവ് ഞങ്ങൾ ഓഫ് ചെയ്യുന്നു.

### കൗമാരക്കാർക്കുള്ള സ്വകാര്യതാ, സുതാര്യതാ റിസോഴ്സുകൾ

Facebook, Messenger, Instagram, Meta Quest എന്നിവയിലെ ഫീച്ചറുകൾ, സ്വകാര്യതാ ക്രമീകരണങ്ങൾ, സ്വതവേയുള്ളവ എന്നിവ സംബന്ധിച്ച് കൗമാരക്കാർക്കായി കൂടുതൽ വിവരങ്ങളടങ്ങിയ സമർപ്പിത സ്വകാര്യതാ റിസോഴ്സ് പേജ് ഞങ്ങൾക്കുണ്ട്.

## കൗമാരപ്രായക്കാർക്കുള്ള ടൂളുകൾ

### കുറച്ചുകാലത്തേക്ക് വിട്ടുനിൽക്കുക

സോഷ്യൽ മീഡിയയിൽ നിന്ന് ഇടവേള എടുക്കുന്നത് സംബന്ധിച്ച് വിദഗ്ദ്ധർ നൽകുന്ന നുറുങ്ങുകൾ ഫീച്ചർ ചെയ്യുന്ന ഇടവേള ഓർമ്മപ്പെടുത്തലുകൾ ഓണാക്കാൻ Facebook-ലും Instagram-ലും കൗമാരക്കാർക്ക് കഴിയും.

### നിശബ്ദ മോഡ്

കൗമാരക്കാർക്ക് ഇപ്പോൾ നിശബ്ദ മോഡ് ഉപയോഗിച്ച് Instagram-ൽ ആരോഗ്യകരമായ അതിരുകൾ സജ്ജീകരിക്കാനും ഫോക്കസ് ചെയ്യാനും കഴിയുന്ന കൂടുതൽ മാർഗ്ഗങ്ങളുണ്ട്, ഇതിലൂടെ അറിയിപ്പുകൾ മ്യൂട്ട് ചെയ്യുകയും ആപ്പിനെ ഡാർക്ക് മോഡിലാക്കുകയും ആരെങ്കിലും നിങ്ങൾക്ക് സന്ദേശമയച്ചാൽ സ്വയമേവയുള്ള മറുപടികൾ അയയ്ക്കുകയും ചെയ്യുന്നു.

### വിഷയങ്ങൾ മാറ്റുന്നതിനുള്ള നഡ്ജുകൾ

അടുത്തറിയുക എന്നതിൽ ഒരു തരം ഉള്ളടക്കം തിരയുകയാണെങ്കിൽ, മറ്റൊരു വിഷയത്തിലേക്ക് മാറുന്നതിനായി കൗമാരക്കാരെ പ്രോത്സാഹിപ്പിക്കുന്ന അറിയിപ്പുകൾ അവർക്ക് Instagram-ൽ ലഭിക്കും.

### നിയന്ത്രിക്കുക

നിയന്ത്രിക്കുക എന്നത് ഉപയോഗിച്ച് കൗമാരക്കാർക്ക് തങ്ങളുടെ അക്കൗണ്ടിനെ അനാവശ്യ ഇടപഴകലുകളിൽ നിന്ന് നിശബ്ദമായോ കൂടുതൽ സൂക്ഷ്മമായ രീതിയിലോ സംരക്ഷിക്കാനായി സഹായിക്കാൻ കഴിയും, ഇതിലൂടെ അവരുടെ പോസ്റ്റുകളിലെ നിയന്ത്രിച്ചിരിക്കുന്ന ഒരു വ്യക്തിയിൽ നിന്നുള്ള അഭിപ്രായങ്ങൾ ആ വ്യക്തിക്ക് മാത്രമേ കാണാനാകൂ.

### ലൈക്കുകളുടെ എണ്ണം മറയ്ക്കൽ

ലൈക്കുകളുടെ എണ്ണത്തിന് പകരം പങ്കിടുന്ന ഓർമ്മകളിൽ ഫോക്കസ് ചെയ്യുന്നതിന്, ആളുകൾക്ക് ഫീഡിലെ എല്ലാ പോസ്റ്റുകളിലെയും ലൈക്കുകളുടെ എണ്ണം മറയ്ക്കാനുള്ള ഓപ്ഷൻ ഉണ്ട്.

## പ്രായത്തിന് അനുയോജ്യമായ പരസ്യങ്ങൾ

### കൗമാരക്കാർക്കായി പരസ്യം ടാർഗെറ്റ് ചെയ്യൽ ഓപ്ഷനുകൾ പരിമിതപ്പെടുത്തുന്നു

കൗമാരക്കാരെ പരസ്യങ്ങൾ കാണിക്കുന്നതിനായി അവരുടെ പ്രായവും ലൊക്കേഷനും മാത്രമാണ് ഞങ്ങൾ ഉപയോഗിക്കുന്ന വിവരങ്ങൾ.

### കൗമാരക്കാർക്ക് കൂടുതൽ നിയന്ത്രണം നൽകൽ

പരസ്യ വിഷയ നിയന്ത്രണങ്ങൾ ഉപയോഗിച്ച് Facebook-ലും Instagram-ലും കാണുന്ന പരസ്യങ്ങളുടെ തരങ്ങൾ നിയന്ത്രിക്കാൻ കൗമാരക്കാർക്ക് കഴിയും.

### കൗമാരക്കാർക്കായി പരസ്യം ചെയ്യൽ വിഷയങ്ങൾ നിയന്ത്രിക്കുന്നു

മദ്യം, സാമ്പത്തിക ഉൽപ്പന്നങ്ങൾ, ഭാരം കുറയ്ക്കുന്നതിനുള്ള ഉൽപ്പന്നങ്ങൾ അല്ലെങ്കിൽ സേവനങ്ങൾ എന്നിവ പോലുള്ള നിയന്ത്രിത വിഷയങ്ങളെ കുറിച്ചുള്ള പരസ്യങ്ങൾ 18 വയസ്സിൽ താഴെയുള്ളവരെ (ചില രാജ്യങ്ങളിൽ അതിന് മുകളിൽ പ്രായമുള്ളവരെ) കാണിക്കുന്നത് ഞങ്ങൾ നിരോധിച്ചിരിക്കുന്നു.

## വിദ്യാഭ്യാസവും റിസോഴ്സുകളും

### ഫാമിലി സെന്റർ

Meta സാങ്കേതികവിദ്യകളിലുടനീളം നിങ്ങളുടെ കുടുംബത്തിന്റെ അനുഭവത്തെ പിന്തുണയ്ക്കാൻ സഹായിക്കുന്നതിന് വിശ്വസ്ത വിദഗ്ദ്ധരിൽ നിന്നും ഓർഗനൈസേഷനുകളിൽ നിന്നുമുള്ള നുറുങ്ങുകളും റിസോഴ്സുകളും ഞങ്ങളുടെ ഫാമിലി സെന്ററിൽ ഉൾപ്പെടുന്നു. Instagram രക്ഷാകർതൃ ഗൈഡ്, Meta Quest രക്ഷാകർതൃ റിസോഴ്സ് എന്നിവ ഉപയോഗിച്ച് ഞങ്ങളുടെ ടൂളുകൾ എങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്നത് സംബന്ധിച്ച് രക്ഷകർത്താക്കൾക്ക് കൂടുതലറിയാം.

### സുരക്ഷാ കേന്ദ്രം

കൗമാരക്കാരും അവരുടെ രക്ഷകർത്താക്കളും ഉൾപ്പെടെയുള്ള കമ്മ്യൂണിറ്റികളെ സംരക്ഷിക്കുന്നതിനും ശാക്തീകരിക്കുന്നതിനും സഹായിക്കുന്നതിനായി ഞങ്ങൾ നിർമ്മിച്ച നയങ്ങൾ, ടൂളുകൾ, പങ്കാളിത്തം, റിസോഴ്സുകൾ എന്നിവ വിവരിച്ചുകൊണ്ട് Meta സാങ്കേതികവിദ്യകളിലുടനീളം സുരക്ഷ സംബന്ധിച്ച ഞങ്ങളുടെ സമീപനത്തെ കുറിച്ച് ഞങ്ങളുടെ സുരക്ഷാ കേന്ദ്രം വിശദീകരിക്കുന്നു.

© 2024 Meta

Meta